**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** **27-02-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വരുമാന ചോർച്ച തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക അധീശത്വത്തെ അതിജീവിച്ചുകൊണ്ട് പന്ത്രണ്ട് ശതമാനം എന്ന മികച്ച സാമ്പത്തിക വളർച്ച കേരളം കൈവരിച്ചിട്ടുണ്ടോയെന്ന് ലഭ്യമായ കണക്കുപ്രകാരം വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പുറത്തുവിട്ട കണക്കു പ്രകാരം 2021-22 ൽ കേരളത്തിന്റെ സ്ഥിര വിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാ നിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19 ലുള്ള നിലയുമായി താരതമ്യം ചെയ്താൽ ഇത് 15.05 ശതമാനമാവും. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ 2022-23 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത വളർച്ചാ നിരക്ക് 2021-22 നെ അപേക്ഷിച്ച് 12.23% ആണ്.<br><br>സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെൻറേഷൻ മന്ത്രാലയം പ്രസിദ്ധീകരിച്ച വിവരങ്ങൾ പ്രകാരം 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനത്തിലുണ്ടായ വർധനവ് സംബന്ധിച്ച കണക്കുകൾ ചുവടെ പട്ടികയായി ചേർക്കുന്നു. |

| വർഷം | പ്രതിശീർഷ വരുമാനം (ശതമാനത്തിൽ) |
|---|---|
| 2016-17 | 12.23 |
| 2017-18 | 10.23 |
| 2018-19 | 12.11 |
| 2019-20 | 3.70 |
| 2020-21 | -3.74 |
| 2021-22 | 12.45 |

| | | | |
|---|---|---|---|
| | | | സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ സർക്കാർ നൽകുന്ന പ്രാധാന്യം ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട് എന്നാണ് പ്രതിശീർഷ വരുമാനത്തിലുണ്ടായ ഈ വളർച്ച വ്യക്തമാക്കുന്നത്. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതുവഴി സംസ്ഥാനത്തിന്റെ പ്രധാന നികുതി നിർണയാധികാരം എടുത്തുകളഞ്ഞതും ജി.എസ്.ടി. തുകയുടെ നേർപകുതി കേന്ദ്ര സർക്കാർ എടുക്കുന്നതും മികച്ച സാമ്പത്തിക വളർച്ച കൈവരിക്കുന്ന അവസരത്തിലും തദനുസൃതമുള്ള നികുതി വളർച്ചയ്ക്ക് വിഘാതമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന സർക്കാരിൻറെ നിയന്ത്രണങ്ങൾക്കതീതമായ നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളും ഉണ്ടായി. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വിഹിതം **2022** ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ പരിതാപകരമാകാൻ കാരണമായി.<br><br>ഇതിനു പുറമേ സംസ്ഥാനത്തിന് അനുവദിച്ചു വരുന്ന കേന്ദ്ര വിഹിതത്തിലും തുടർച്ചയായി കുറവ് രേഖപ്പെടുത്തുന്നു. സംസ്ഥാനങ്ങൾക്കിടയിൽ വീതം വയ്ക്കാനുള്ള കേന്ദ്രനികുതി വിഹിതം (ഡിവിസിബിൾ പൂൾ) 10-ാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 3.87 ശതമാനമായിരുന്നത് ചുരുങ്ങി വരികയും 14-ാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 2.5 ശതമാനവും 15-ാം ധനകാര്യ കമ്മിഷന്റെ ഈ കാലയളവിൽ 1.925 ശതമാനവുമായി കുറച്ച നടപടി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവു വരുത്തി. കേന്ദ്ര സർക്കാർ സെസ്സിലും സർചാർജ് ഇനത്തിലും കൂടി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുന്നതേയില്ല. ഇപ്രകാരം കേന്ദ്രം പിരിച്ചെടുക്കുന്ന ഗണ്യമായ തുക നികുതിവിഹിതം പങ്കു വയ്ക്കുന്ന മാതൃകയിൽ ഓരോ സംസ്ഥാനത്തിനുമായി വീതിച്ചു നൽകേണ്ടതാണ്. |
| (സി) | ഈ സാഹചര്യത്തിൽ ജി.എസ്.ടി. വരുമാന ചോർച്ച ഒഴിവാക്കി നികുതി വരുമാനം വർദ്ധിപ്പിക്കാൻ ശക്തമായ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ചരക്കു സേവന നികുതിവകുപ്പിനെ പുനസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകം തന്നെ ചരക്കു സേവന നികുതി വകുപ്പിന് കീഴിൽ തന്നെ ടാക്സ് പെയെർ സർവ്വീസസ് , ആഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തുകയുണ്ടായി. നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള 'ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ്' എന്ന സംവിധാനം, പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോ യ്സുകൾ അപ്-ലോഡ് ചെയ്യുന്നതിനും നികുതി ദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള ലക്കി ബിൽ സ്കീം എന്ന |

| | | | |
|---|---|---|---|
| | | | ആപ്ലിക്കേഷൻ എന്നിവ ഈ രംഗത്ത് പരമാവധി വിഭവ സമാഹാരണം ലക്ഷ്യമിട്ട് സർക്കാർ കൊണ്ടുവന്ന പദ്ധതികളാണ്.<br><br>സംസ്ഥാന സർക്കാരിന്റെ വേണ്ട വിധത്തിലുള്ള ഇടപെടലുകളുടെ ഭാഗമായി നടപ്പ വർഷം ജി.എസ്.ടി വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് വലിയ വർദ്ധനവാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ